ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 2010-11-ൽ 16,21,172,56 രൂപ തൊഴിലുറപ്പ് പദ്ധതിയിൽ വിനിയോഗിച്ചിട്ടുണ്ട്. ബ്ലോക്ക് തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(ബി) വിവരം അനുബന്ധം II ആയി കൊടുത്തിട്ടുണ്ട്.*

(സി) വിവരം അനുബന്ധം III ആയി കൊടുത്തിട്ടുണ്ട്.*

(ഡി) കേന്ദ്ര സർക്കാർ നാഷണൽ ലെവൽ മോണിറ്റർമാരെ ഉപയോഗിച്ചുകൊണ്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിശോധിക്കുന്നുണ്ട്. മൊത്തം പ്രവൃത്തികളുടെ 2% സംസ്ഥാനതല ഉദ്യോഗസ്ഥന്മാരും 10% ജില്ലാതല ഉദ്യോഗസ്ഥന്മാരും 100% ബ്ലോക്കുതലത്തിൽനിന്നും പരിശോധിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതിനുപുറമേ പദ്ധതി നടത്തിപ്പിനെക്കുറിച്ച് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ദേശീയ തലത്തിലുള്ള പ്രശസ്ത അക്കാദമിക് സ്ഥാപനങ്ങളെ ഉപയോഗിച്ചുകൊണ്ട് വെവ്വേറെ വിലയിരുത്തുന്നുണ്ട്.

(ഇ) സ്വീകരിച്ചിട്ടുണ്ട്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ്-ജല സംരക്ഷണത്തിനും ജൈവസമ്പത്തിന്റെ പരിപോഷണത്തിനും പ്രാധാന്യം നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തരിശുനിലങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

(എഫ്) സ്വീകരിച്ചിട്ടുണ്ട്.

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ സ്ഥലം സബ്ട്രഷറിക്ക് കെട്ടിട നിർമ്മാണത്തിന് നൽകുന്നതിന് നടപടി

151 (1621) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലം സബ്ട്രഷറിക്ക് കെട്ടിടനിർമ്മാണത്തിന് നൽകുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ ഓഫീസിൽ നിലവിലുള്ള ജെ.ആർ.വൈ.2/8842/10/ സി.ആർ.ഡി. എന്ന ഫയലിൽ സി.ആർ.ഡി. എന്തൊക്കെ നടപടി സ്വീകരിച്ചു ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 6-4-2010-ന് ആർ.സി. 4/17712/10 എന്ന നമ്പരിൽ നൽകിയ കത്തിന് ഇതുവരെയും സി.ആർ.ഡി.യിൽ നിന്നും മറുപടി നൽകാത്തതിന് കാരണം വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കത്തിന് സി.ആർ.ഡി. എപ്പോൾ മറുപടി നൽകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ കോട്ടയം ഡി.2/143/10 എന്ന മറുപടിക്കത്തിന്മേൽ സി.ആർ.ഡി. സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ഇ) സി.ആർ.ഡി.-യിൽ ജെ.ആർ.വൈ.2 എന്ന സെക്ഷൻ 2010 മാർച്ച് മുതൽ ആരൊക്കെയാണ് പ്രസ്തുത ഫയൽ കൈകാര്യം ചെയ്തിരുന്നത് ; ഫയൽ നടപടി താമസിപ്പിച്ചതിന് ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(എഫ്) മേലിൽ ഇത്തരത്തിൽ ഫയൽ താമസിപ്പിക്കുന്നത് അവസാനിപ്പിക്കാൻ സി.ആർ.ഡി. എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലം സബ്ട്രഷറിക്ക് കെട്ടിട നിർമ്മാണത്തിനായി വിട്ടുകൊടുക്കുന്ന ആവശ്യം പരിശോധിക്കാൻ ഇതിലേക്കായി വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സ്കെച്ച്, പ്ലാൻ, ഉടമസ്ഥാവകാശ രേഖകൾ തുടങ്ങിയ വിശദാംശങ്ങൾ സമർപ്പിക്കുവാൻ കോട്ടയം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണ (ജ) റോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കോട്ടയം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജ)-ൽ നിന്നും ആവശ്യമായ വിവരങ്ങൾ ലഭ്യമാകാത്തതിനാലാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കത്തിന് മറുപടി ലഭിക്കാത്തത്.

(സി) കോട്ടയം അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ(ജ)-ൽ നിന്നും വിവരങ്ങൾ ലഭ്യമാക്കി മറുപടി നൽകുമെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജ)-യുടെ കത്തിന്മേൽ അധിക വിവരങ്ങൾ ആരാഞ്ഞുകൊണ്ട് 6-4-2010-ൽ കത്തയക്കുകയും 27-10-2010, 7-1-2011 തീയതികളിൽ ഓർമ്മക്കുറിപ്പുകൾ അയക്കുകയും ചെയ്തിട്ടുണ്ട്. കത്തിന് മറുപടി ലഭ്യമാക്കി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ജെ.ആർ.വൈ. എന്ന സെക്ഷൻ 2010 മാർച്ച് മുതൽ കൈകാര്യം ചെയ്തിരുന്നവർ

(ഇ&എഫ്)

ശ്രീ. എൽ. ജയകുമാർ, യു.ഡി.സി.-2010 മേയ് 14 വരെ.

ശ്രീ. ഭുവനേന്ദ്രൻ എ.ഡി.സി. 2010 മേയ് 14 മുതൽ ജൂൺ 3 വരെ

ശ്രീമതി. എസ്. ആർ. ശൈലജ, എൽ.ഡി.സി. 2010 ജൂൺ 4 മുതൽ പ്രസ്തുത ഫയലിൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly